# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാലിയാർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം3083/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ - dompm.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ : 0483 2734951

തീയതി. 10-11-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ചാലിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാലിയാർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7, 3-13, 3-17, 3-18, 3-19എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.

നം കെ എസ് എ എം പി എം.3083/16 തീയ്യതി: 10-11-2016

## മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.08..2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. പഞ്ചായത്ത് 01.04.2015 മുതൽ 31.08.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും ആഗസ്റ്റ് മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 19146 മുതൽ 19150 വരെയും 42301 മുതൽ 42314 വരെയുമുള്ള രശീതി ബുക്കുകൾ. | 1559 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ചശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/ വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ / ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

സ്ഥാപനം : ചാലിയാർ ഗ്രാമപഞ്ചായത്ത്.

വിസ്തീർണ്ണം : 124.28ച.കീമി

ജനസംഖ്യ : 30,000

വാർഡുകളുടെ എണ്ണം : 14

ആകെ ജീവനക്കാരുടെ എണ്ണം: 21

സ്ഥിരം : 16 ( 1 - പുനർവിന്യാസം)

താൽക്കാലികം : 1

കരാറടിസ്ഥാനത്തിൽ : 4

ആകെ : 21

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ശ്രീ. എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം 14-10-2016 മുതൽ 21-10-2016

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.അജിത്.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീ.കെ.ജി.വേലായുധൻ | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| 4 | ശ്രീമതി. സുജാത.എം | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ലിസ്സി ജോസഫ് | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്റ്റേറ്റീവ്ഭരണം (സെക്രട്ടറി, വി.ഇ.ഒ , ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ അടങ്ങുന്ന ഭരണ നിർവ്വഹണ സമിതി) | 01.11.2015 മുതൽ 19.11.2015 വരെ |
| ശ്രീ. പി.ടി.ഉസ്മാൻ | 20.11.2015മുതൽ 31.03.2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ബിജേഷ്.എ.എം | 01.04.2015 മുതൽ 20.04.2015 വരെ |
| ശ്രീ.ആർ.ജയപാലൻ<br><br>അസിസ്റ്റന്റ് സെക്രട്ടറി, ഇൻ-ചാർജ്ജ് | 21.04.2015 മുതൽ 23.07.2015 വരെ |
| ശ്രീ.യു.പ്രേമരാജൻ | 24.07.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ്എഞ്ചിനിയർ | ശ്രീമതി.ഹസീന.എൻ.കെ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.മനോജ്.എം | 01.04.2015 മുതൽ 29.12.2015 വരെ |
| | ഡോ.നിഖിൽ റോഷ്.എ.എസ് | 30.12.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഷേർളി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.കബീർ.എ.എം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനൂപ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയ | 01.04.2015 മുതൽ 14.01.2016 വരെ |
| | ഡോ. സിന്ധ്യ | 15.01.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുബൈദ | 01.04.2015 മുതൽ 03.08.2015 വരെ |
| | ശ്രീമതി. ഷാഹിന | 04.08.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജോസഫ് ജോഷി വർഗ്ഗീസ് | 01.04.2015 മുതൽ 16.03.2016 വരെ |
| | ശ്രീ. ബെന്നി സെബാസ്റ്റ്യൻ | 17.03.2016 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. അബ്ദുൾ റഷീദ് | 01.04.2016 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം

ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതുഅവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1 (1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1 (2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1 (3) | |
| 4 | സാമ്പത്തിക വിശകലനം | 1 (4) | |
| 5 | ഫണ്ട് വിനിയോഗം | 1 (5) | |
| 6 | പദ്ധതി അവലോകനം | 1 (6) | |
| 7 | തനത് വരുമാനം | 1 (7) | |
| 8 | ക്ഷേമപദ്ധതികൾ | 1 (8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1 (9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1 (10) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ - തീർപ്പാക്കുന്നതിൽ കാലതാമസം. | 2 (1) | |
| 2 | വസ്തുനികുതിയും ക്രമവത്കരണ ഫീസും കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 2236/- രൂപ നഷ്ടം. | 2 (2) | |
| 3 | പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയില്ല. | 2 (3) | |
| 4 | ലേലം ഇനത്തിൽ ലഭിച്ച തുക ഡെപ്പോസിറ്റ് ആയി അക്കൗണ്ട് ചെയ്തു. | 2 (4) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | തനത് ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകുമാർക്ക് ഹോണറേറിയം നൽകിയത്. | 3 (1) | |
| 2 | കമ്പ്യൂട്ടർ വാങ്ങൽ--സർക്കാർ മാർഗ്ഗനിർദ്ദേശം | 3 (2) | |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | പാലിച്ചില്ല. | | |
| 3 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുച്ചക്രവാഹനം--സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 3 (3) | |
| 4 | സമഗ്രവിദ്യാഭ്യാസം-ടി.എസ്.പി--വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ വിതരണം-വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല. | 3 (4) | |
| 5 | സമഗ്രവിദ്യാഭ്യാസം-എസ്.സി.പി--വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ വിതരണം-വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല. | 3 (5) | |
| 6 | കാർഷിക പ്രവർത്തനങ്ങൾ--മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല. | 3 (6) | |
| 7 | ആശ്രയ പദ്ധതി | 3 (7) | |
| 8 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3 (8) | |
| 9 | മരുന്ന് ലഭ്യമായില്ല. | 3 (9) | |
| 10 | ഭക്ഷണതുക അധികം നൽകി | 3 (10) | |
| 11 | പദ്ധതി പൂർത്തീകരിച്ചില്ല. | 3 (11) | |
| 12 | എടിവണ്ണ അംഗൻവാടി കെട്ടിടനിർമ്മാണം-പൊളിച്ചുമാറ്റിയ വസ്തുക്കളുടെ വിനിയോഗ വിവരം ലഭ്യമല്ല. | 3 (12) | |
| 13 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പദ്ധതികൾ അപാകതകൾ. | 3 (13) | |
| 14 | ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ സ്ഥാപനത്തിന്റെ താല്പര്യം | 3 (14) | |
| 15 | ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത | 3 (15) | |
| 16 | പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം,നിർവ്വഹണം എന്നിവയിലെ കാര്യക്ഷമത | 3 (16) | |
| 17 | റോഡ് കോൺക്രീറ്റ് പ്രവൃത്തി ക്വാറി മക്ക് ഫില്ലിംഗിനുമുമ്പായി മൺപണി ചെയ്തതു വഴി പാഴ്ച്ചെലവ് | 3 (17) | |
| 18 | റോഡ് കോൺക്രീറ്റ് പ്രവൃത്തി -അപാകതകൾ | 3 (18) | |
| 19 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി വ്യത്യസ്തനിരക്കുകൾ അനുവദിച്ചത് വഴി നഷ്ടം | 3 (19) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4 (1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4 (2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4 (3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4 (4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4 (5) | |
| 6 | ഓഡിറ്റ് റിക്കവറി | 4 (6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4 (7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4 (8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4 (9) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4 (10) | |

## ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

| | |
|---|---|
| ബജറ്റ് പാസ്സാക്കിയ നം./തിയ്യതിനം./തിയ്യതി | 356 / 30.03.2015 |

1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 28.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ

1).ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നില്ല.

2).വസ്തുനികുതി ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 (4) എ, ബി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4). ലേലം വരവ് ഇനത്തിൽ ലഭിച്ച 1,20,000/- രൂപ (രശീതി നമ്പർ.11504100745 & 11504100746 / 25.09.2016 ( 10,000 + 1,10,000 )) ഡിപ്പോസിറ്റ് ഹെഡിൽ ആണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 29535565 |
| വരവ് | 44575685 |
| ആകെ | 74111250 |
| ചെലവ് | 59354742 |
| നീക്കിബാക്കി | 14756508 |

1-5ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർപിൻ വലിച്ചത്) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4101700 | 6970520 | 12449303 | 23521523 | 13737120 | 9784403 |
| വികസന ഫണ്ട് (എസ്.സി.പി) | 347975 | ---- | 2250000 | 2557975 | 2431297 | 126678 |
| വികസനഫണ്ട്(ടി.എസ്.പി) | 42619 | ---- | 4254000 | 4296619 | 3922090 | 374529 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1346850 | ---- | 8187000 | 9533850 | 8440677 | 1093173 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1420595 | ---- | 336000 | 4786595 | 4010416 | 776179 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3457113 | (3350643) | 8447076 | 8553546 | 8504034 | 49512 |

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർപിൻ വലിച്ചത്) |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 3619877 | (3619877) | 3619877 | 3619877 | 3169877 | 450000 |

*വികസന ഫണ്ട് (പൊതുവിഭാഗം)ത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്

വികസന ഫണ്ട് (എസ്.സി.പി)

വികസന ഫണ്ട് (ടി.എസ്..പി)

13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് 3350643

പെർഫോമൻസ് ഗ്രാന്റ് 3619877

--------------

ആകെ 6970520

========

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 159 | 134 | 10 | 15 | 83.22 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 24 | 15063870 | 13530441 | 89.82 % |
| അസി.എഞ്ചിനീയർ | 88 | 72 | 25900850 | 19580837 | 75.60 % |
| വി.ഇ.ഒ | 8 | 6 | 7010000 | 4280000 | 61.05 % |
| കൃഷി ഓഫീസർ | 6 | 6 | 1259399 | 676608 | 53.72 % |
| വെറ്ററിനറി സർജൻ | 6 | 6 | 1867891 | 1676269 | 89.74 % |
| ഹെഡ് മാസ്റ്റർ | 8 | 7 | 1209319 | 1168909 | 96 .66 % |
| അസി.സെക്രട്ടറി | 3 | 2 | 1765000 | 202000 | 11.44 % |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 3301950 | 3104200 | 94.01 % |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 2 | 2 | 947312 | 947312 | 100 % |
| മെഡിക്കൽ | 1 | 1 | 200000 | 200000 | 100 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ഓഫീസർ (ആയുർവ്വേദം) | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 % |

1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3143092 | 1937029 | (-) 1206063 | (-) 38.37 % |
| നികുതിയേതര വരവുകൾ | 220541 | 321678 | (+) 101137 | (+) 45.86 % |
| മറ്റ് വരവുകൾ | 188327 | 353427 | (+) 165100 | (+) 87.67 % |
| ആകെ | 3551960 | 2612134 | (-)939826 | (-)26.46% |

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 9 | 9 | 5 | ഇല്ല. |
| 2 | തൊഴിൽരഹിത വേതനം | 15 | 15 | 14 | ഇല്ല |
| 3 | വിധവാ പെൻഷൻ | 54 | 20 | 2 | സമയബന്ധിതമായി നടപടികൾ സ്വീകരിക്കുക. |
| 4 | വികലാംഗ പെൻഷൻ | 25 | 25 | 3 | ഇല്ല |
| 5 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | 0 | ഇല്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 131 | 101 | 20 | സമയബന്ധിതമായി നടപടികൾ സ്വീകരിക്കുക. |

പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറുന്നതിലും, അന്വേഷണോദ്യോഗസ്ഥർ നടപടികൾ പൂർത്തീകരിച്ച് അപേക്ഷകൾ തിരികെ നൽകുന്നതിലും

കാലതാമസമുണ്ട്. സാമൂഹ്യക്ഷേമപെൻഷനുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10594/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.09.2016 | 01.08.2016 മുതൽ 31.08.2016 വരെ. | ലഭിച്ചിട്ടില്ല. | ബാധകമല്ല. |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | | | |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ - തീർപ്പാക്കുന്നതിൽ കാലതാമസം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം, ചട്ടം 15 പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം സെക്രട്ടറി ആയത് അംഗീകരിച്ച് ലിഖിതമായ ഉത്തരവിനാൽ അനുവാദം നൽകുകയോ, നിരസിക്കുകയോ ചെയ്യേണ്ടതും ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഭൂരിഭാഗം അപേക്ഷകളും തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തിയ്യതി | വിനിയോഗം | പെർമിറ്റ് നമ്പർ | പെർമിറ്റ് അനുവദിച്ച തിയ്യതി |
|---|---|---|---|---|---|
| 1 | പാത്തുമ്മക്കുട്ടി, വല്ല്യാട്ട് | 15.01.2015 | വാസഗൃഹം | A5-265/15 | 20.04.2015 |
| 2 | സുനിൽകുമാർ | 15.12.2014 | വാസഗൃഹം | A5-5105/14 | 30.06.2015 |
| 3 | സജിമോൻ എന്ന ഷാജു | 24.11.2014 | വാസഗൃഹം | A5-4627/15 | 07.07.2015 |
| 4 | നൗഷാദ്.പി | 26.04.2015 | വാസഗൃഹം | A5-1968/15 | 07.07.2015 |
| 5 | ഫിറോസ്ഖാൻ & റഷീദ് | 26.05.2015 | പമ്പ് ഹൗസ് | A5-2378/15 | 08.07.2015 |
| 6 | അബ്ദുൾ റഷീദ്, | 01.04.2015 | വാസഗൃഹം | A5-1764/15 | 08.07.2015 |

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തിയ്യതി | വിനിയോഗം | പെർമിറ്റ് നമ്പർ | പെർമിറ്റ് അനുവദിച്ച തിയ്യതി |
|---|---|---|---|---|---|
| | കൊട്ടവള്ളി | | | | |
| 7 | സാവിത്രി മുതൽ പേര് | 24.10.2014 | വാസഗൃഹം | A5-4200/14 | 08.07.2015 |
| 8 | കേശവൻ | 18.11.2014 | വാസഗൃഹം | A5-4510/14 | 08.07.2015 |
| 9 | സുന്ദരൻ | 15.05.2015 | വാസഗൃഹം | A5-2239/15 | 09.07.2015 |
| 10 | ജയപ്രകാശ് | 23.12.2014 | വാസഗൃഹം | A5-5317/15 | 10.07.2015 |
| 11 | വീരാൻകുട്ടി | 04.06.2015 | വാസഗൃഹം | A5-2465/15 | 10.07.2015 |
| 12 | സുന്ദരൻ | 09.02.2015 | വാസഗൃഹം | A5-736/15 | 13.07..2015 |
| 13 | രതീഷ് | 16.05.2015 | വാണിജ്യം | A5-2248/15 | 21.07.2015 |
| 14 | കെ.മോഹൻദാസ് | 09.06.2015 | വാസഗൃഹം & വാണിജ്യം | A5-2523/15 | 31.07..2015 |
| 15 | ഉമ്മർ | 16.06.2015 | വാസഗൃഹം | A5-2639/15 | 07.08.2015 |
| 16 | അരുൺ | 16.06.2015 | വാസഗൃഹം | A5-2618/15 | 17.08.2015 |
| 17 | ബാലകൃഷ്ണൻ | 06.07.2015 | പൗൾട്രി ഫാം | A5-2907/15 | 03.09.2015 |
| 18 | ജമീല | 03.07.2015 | വാസഗൃഹം | A5-2853/15 | 03.09.2015 |
| 19 | ഹ്ദ്.എൻ | 08.10.2014 | വാസഗൃഹം | A5-3938/15 | 22.08.2015 |

സാങ്കേതിക പരിശോധനക്ക് ഫയലുകൾ കൈമാറുന്നതിനും, സാങ്കേതിക പരിശോധനക്ക് ശേഷം ഫയലുകൾ തിരികെ നൽകുന്നതിലും കാലതാമസം വരുന്നുണ്ട്. സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കേണ്ടതാണ്.

## 2-2 വസ്തുനികുതിയും ക്രമവത്കരണ ഫീസും കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 2236/- രൂപ നഷ്ടം.

ശ്രീ.നൗഷാദലി, S/o.കുഞ്ഞിമുഹമ്മദ്, അടുവണ്ണി ഹൗസ് , പുത്തൂർ എന്നവർ നിർമ്മിച്ച99.11 ച.മീ (ഗ്രൗണ്ട് ഫ്ലോർ - 87.67 + ഹെഡ് റൂം - 11.44) തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ച് കെട്ടിടനമ്പർ അനുവദിക്കുന്നതിന് അപേക്ഷിക്കുകയും, കെട്ടിടത്തിന്റെ 47.39 ച.മീ വിസ്തീർണ്ണത്തിനുള്ള നിർമ്മാണത്തിന് 11.12.2015 ന് ക്രവവത്കരണ ഫീസ് ഈടാക്കുകയും, 28.12.2015 ന് 57.19 ച.മീ വിസ്തീർണ്ണത്തിന് നികുതി ചുമത്തി 3 കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|
| CP IV/363B | 11.44 ച.മീ | 344 | 18 | 362 |
| CP IV/363C | 11.19 ച.മീ | 336 | 17 | 353 |
| CP IV/363D | 34.56 ച.മീ | 1037 | 52 | 1089 |
| ആകെ | 57.19 ച.മീ | 1717 | 87 | 1804 |

ഇപ്രകാരം കെട്ടിടനിർമ്മാണം ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തി ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല.

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തി ക്രമവത്ക്കരണ ഫീസ് ഈടാക്കാത്തത് കാരണം

1013/- രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കംപ്ലീറ്റഡ് പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം. | 99.11 ച.മീ |
| ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് - 2 (99.11 * 5)+ പെർമിറ്റ് ഫീസ് (99.11 x 5) | 1487 രൂപ. |
| ഈടാക്കിയ ക്രമവത്കരണ ഫീസ് - 2 (47.39 * 5) | 474/- രൂപ. |
| കുറവ് | 1013/- രൂപ. |

2). വസ്തുനികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പൂർണ്ണമായി ഉൾപ്പെടുത്തിയില്ല.

കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പൂർണ്ണമായും ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചതിലൂടെ പഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം - 99.11 ച.മീ

28.12.2015 ന് നികുതി നിർണ്ണയിച്ചത്. - 57.19 ച.മീ

വസ്തു നികുതി ചുമത്തിയതിൽ കുറവ് വന്നത്. - 41.92 ച.മീ

| | |
|---|---|
| തറവിസ്തീർണ്ണം | 41.92 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (41.92 * 30) | 1258 രൂപ |
| (+) ഇളവ് - 20 % (മേഖല - 20%) | 252 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ് - 20%) | 252 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 1258 രൂപ |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1258* 5%) | 63 രൂപ |
| ആകെ | 1321രൂപ |

*ആകെ നഷ്ടം ( 915 + 1321 ) = 2236 രൂപ.*

*നഷ്ടതുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.*

## **2-3** <u>പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയില്ല.</u>

ശ്രീ.മുഹമ്മദ് എന്ന ബാപ്പു, നാലകത്ത് ഹൗസ്, പൂളപ്പൊട്ടി എന്നവർ 142.40 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷിക്കുകയും, പഞ്ചായത്ത് 10.09.2015 തിയ്യതിയിൽ A5/2451/15 നമ്പർ പ്രകാരം നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ആയതിന് കെട്ടിടനമ്പർ അനുവദിക്കണമെന്ന് കെട്ടിടഉടമസ്ഥൻ 11.11.2015 ന് അപേക്ഷ സമർപ്പിക്കുകയും കെട്ടിടത്തിന്റെ 174.09 ച.മീ വിസ്തീർണ്ണത്തിന് നികുതി ചുമത്തി 7 കെട്ടിട നമ്പറുകൾ അനുവദിക്കുകയും ചെയ്തു. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 174.12 ച.മീറ്റർ ആണെന്ന് ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം വസ്തുനികുതി ചുമത്തിയപ്പോൾ അംഗീകൃത പെർമിറ്റിൽ നിന്നും അധികരിച്ചുള്ള നിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പെർമിറ്റ് പ്രകാരമുള്ള തറവിസ്തീർണ്ണം | 142.40 ച.മീ |
| കംപ്ലീറ്റഡ് പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണം | 174.12 ച.മീ |
| അധിക നിർമ്മാണം | 31.72 ച.മീ |
| ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് - 2 (31.72 * 5) | 318 രൂപ. |

കുറവ് തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 ലേലം ഇനത്തിൽ ലഭിച്ച തുക ഡെപ്പോസിറ്റ് ആയി അക്കൗണ്ട് ചെയ്തു.

2015-16 സാമ്പത്തിക വർഷത്തിൽ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള ഒരു തേക്ക്, 193 മട്ടി, 8 വട്ട മരങ്ങൾ സോഷ്യൽ ഫോറസ്ട്രിയുടെ അനുമതിയോടെ ലേലം ചെയ്യുകയും, ശ്രീ.അനീഷ് മാത്യു എന്നവർ 3,74,000/- രൂപക്ക് ലേലം കൊള്ളുകയും 25.09.2015 ന് ഡെപ്പോസിറ്റ് ഇനത്തിൽ താഴെ പറയുന്ന പ്രകാരം രണ്ട് രശീതികളിലൂടെ 1,20,000/- രൂപ അടവാക്കുകയും ചെയ്തു.

| ക്രമ നമ്പർ | രശീതി നമ്പർ | അടവാക്കിയ തുക |
|---|---|---|
| 1 | 11504100745 | 10,000/- |
| 2 | 11504100746 | 1,10,000/- |
| ആകെ | | 1,20,000/- |

ലേല തുകയും, വാറ്റും വനവികസന നികുതിയും സഹിതം താഴെ പറയുന്ന പ്രകാരം 4,49,642/- ശ്രീ.അനീഷ് മാത്യു അടവാക്കേണ്ടിയിരുന്നു.

| | |
|---|---|
| ലേല തുക | 3,74,000/- |
| വാറ്റ് - 14.50 % | 54,230/- |
| വനവികസന നികുതി - 5 %(ലേലതുക+വാറ്റ് ) | 21,412/- |
| ആകെ | 4,49,642/- |

ഇതിൽ 25.09.2015 ന് ഡെപ്പോസിറ്റ് ആയി അടവാക്കിയ 1,20,000/- രൂപ കുറവ് ചെയ്ത് ബാക്കി 3,29,642/- രൂപ 08.10.2010 ന് 11504100839നമ്പർ രശീതി പ്രകാരം Sale of Products എന്ന ഹെഡിൽ ശ്രീ.അനീഷ് തോമസ് അടവാക്കി. എന്നാൽ ഡെപ്പോസിറ്റ് ആയി ലഭിച്ച 1,20,000/- രൂപ വരവായി ക്രമീകരിക്കാത്തതിനാൽ വാർഷിക കണക്കിൽ യഥാർത്ഥ വരവിൽ 1,20,000/- രൂപ കുറവ് വരികയും ബാലൻസ് ഷീറ്റ് പ്രകാരം ഇതേ തുകയുടെ അധിക ബാധ്യതക്കും കാരണമായിട്ടുണ്ട്. കൂടാതെ ഭാവിയിൽ ഈ തുക റീഫണ്ട് ചെയ്ത് നൽകാനുള്ള സാധ്യതയും നിലനിൽക്കുന്നു. അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകമാർക്ക് ഹോണറേറിയം നൽകിയത്.

2015-16 വർഷത്തിൽ സാക്ഷരതാ പ്രേരകമാർക്ക് താഴെപ്പറയും പ്രകാരം,തനത് ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദിച്ചിട്ടുണ്ട്.

| പ്രേരകിന്റെ പേര് | തുക |
|---|---|
| ശ്രീമതി.രജനി | 36800 |
| ശ്രീമതി.ആമിന | 36800 |

| | |
|---|---|
| ആകെ | 73600 |

2014-15 -ൽ ക്രമീകരിക്കാൻ 22855 രൂപ അവശേഷിച്ചിരുന്നു.2015-16-ൽ സാക്ഷരതാമിഷനിൽ നിന്നും,40600 രൂപയാണ് ലഭിച്ചത്.55855 രൂപ(96455-40600) സാക്ഷരതാഫണ്ട് ലഭ്യമാകുന്ന മുറക്ക് തനത് ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 3-2 കമ്പ്യൂട്ടർ വാങ്ങൽ--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

1--പ്രൊജക്ട് നം.175/16

വൌച്ചർ നം.21500973/28.3.16--90000

ഡി.ഡി.നം.912324/30.3.16—90000(കെൽട്രോൺ,തിരുവനന്തപുരം)

ജി.ഒ(പി)1/2009/എസ്.പി.ഡി/2.2.06- പ്രകാരം സർക്കാർ സ്ഥാപനങ്ങളും,തദ്ദേശഭരണസ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെ,കമ്പ്യൂട്ടറുകളും,അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ,കെൽട്രോൺ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ,ഓർഡർ തുകയുടെ പകുതി വില വരുന്നത് മാത്രമേ നല്കാൻ പാടുള്ളൂ.ഓർഡർ തുകയുടെ 50 ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ,മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം.

2015-16 വർഷത്തിൽ,2 കമ്പ്യൂട്ടറുകൾ, കെൽട്രോണിൽ നിന്നും,ടെണ്ടർ നടപടി കൂടാതെ വാങ്ങിയിട്ടുണ്ട്.എയ്സർ, കമ്പനിയുടെ കമ്പ്യൂട്ടറാണ് വാങ്ങിയത് എന്നു കാണുന്നു.ഇത് മേൽ ഉത്തരവിന് വിരുദ്ധമാണ്.ഇത് സംബന്ധിച്ച് കെൽട്രോണിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല.കെൽട്രോണിൽ നിന്നും,കമ്പ്യൂട്ടർ വാങ്ങുമ്പോൾ,ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ശാരീരിക വെല്ലുവിളികൾ നേരിടുന്നർക്ക് മുച്ചക്രവാഹനം--സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നം.17/16

ബിൽ നം.7/15-16/17.10.15---278000(69500X4)

നിർവ്വഹണം--ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ജി.ഒ.(എം.എസ്.)362/13 തസ്വഭവ 16.11.13-സബ്സിഡി മാർഗ്ഗരേഖ പ്രകാരം,ശാരീരിക മാസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ്,ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തണം.ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും,സ്പെസിഫിക്കേഷനും,മതിപ്പു വിലയും നിശ്ചയിച്ചതിനു ശേഷം മാത്രമേ പ്രൊജക്ട് തയ്യാറാക്കാവൂ.എന്നാൽ മേൽപ്പറഞ്ഞ പ്രൊജക്ടിനായി നാല് ഗുണഭോക്താക്കളെ ആദ്യമേ തെരഞ്ഞെടുത്തതായാണ് കാണുന്നത്.ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തുകയോ,മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തുകയോ ചെയ്തിട്ടില്ല.പ്രൊജക്ട് രൂപീകരണത്തിനു ശേഷം,24/9/15 ന് വാഹനങ്ങൾ നൽകിയ കെൽട്രോൺ കുറ്റിപ്പുറം നടത്തിയ ക്യാമ്പിൽ,ഈ നാല് ഗുണഭോക്താക്കൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ.ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും,പദ്ധതി നിർവ്വഹണത്തിലും,സുതാര്യത ഉണ്ടായില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ഗുണഭോക്താക്കളുടെ പേരുവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|
| മോഹൻദാസ് എരഞ്ഞിപ്പാലത്തിങ്കൽ | 3 |

| | |
|---|---|
| ഒ.എം.വർക്കി ഔസേപ്പറമ്പിൽ | 3 |
| സേവ്യർ മാലിക്കുടിയിൽ | 3 |
| കുഞ്ഞലവി കൊട്ടുവള്ളി | 6 |

ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് എടുത്തവരാണെന്നതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/20.10.16) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 സമഗ്രവിദ്യാഭ്യാസം-ടി.എസ്.പി--വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ വിതരണം-വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല.

പ്രോജക്ട് നം.18/16

ബിൽ നം.7/15-16//22.1.16---79590(സിഡ്കോ,മഞ്ചേരി-951662/20.12.16)

ബിൽ നം.10/15-16/11.3.16—170000( സിഡ്കോ,മഞ്ചേരി-949350/16.3.16)

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി,താഴെപ്പറയുന്ന പഠനസാമഗ്രികൾ/സാധനങ്ങൾ,വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമനം, | ഇനം | എണ്ണം |
|---|---|---|
| 1 | സൈക്കിൾ പെൺകുട്ടികൾ,7-ാം ക്ലാസ് | 10 |
| 2 | സൈക്കിൾ ആൺകുട്ടികൾ,7-ാം ക്ലാസ് | 10 |
| 3 | സ്കൂൾ ബാഗ് | 240 |
| 4 | കുട | 240 |
| 5 | ക്രയോൺ | 168 |
| 6 | പെൻസിൽ | 1200 |
| 7 | ഇറേസർ | 240 |
| 8 | സ്കെയിൽ | 249 |
| 9 | നോട്ടുബുക്ക് | 1537 |

രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.മേൽപ്പറഞ്ഞ സാധനങ്ങൾ,പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രമൊന്നും ലഭ്യമാക്കിയിട്ടില്ല.

2. ജി.ഒ,(എം.എസ് )362/13 തസ്വഭവ 16.11.13-സബ്സിഡി മാർഗ്ഗരേഖ പ്രകാരം,2013-14 അദ്ധ്യയന വർഷം മുതൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി,പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ്,സൈക്കിൾ വാങ്ങി നൽകാവുന്നത്.എന്നാൽ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി, 7-ാംക്ലാസ്സിലെ വിദ്യാർത്ഥികൾക്കു സൈക്കിൾ വാങ്ങി നൽകിയത് ഓഡിറ്റിൽ അുവദിക്കുന്നില്ല.79590 രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.രേഖകളുടെ അഭാവത്തിൽ,മറ്റ് ഉപകരണങ്ങളുടെ വിലയായ 170000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.അപാകത സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/20.10.16)മറുപടി

ലഭ്യമാക്കിയിട്ടില്ല.

## 3-5 സമഗ്രവിദ്യാഭ്യാസം-എസ്.സി.പി--വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ വിതരണം-വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല.

പ്രോജക്ട് നം.16/16

ബിൽ നം.5/15-16//19.1.16---200000(ഡിഡി നം.951663/20.1.16,സിഡ്കോ,മഞ്ചേരി)

ബിൽ നം.11/15-16/11.3.16—75000(ഡിഡി നം.949345/16.3.16,സിഡ്കോ,മഞ്ചേരി)

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി,താഴെപ്പറയുന്ന പഠനസാമഗ്രികൾ/സാധനങ്ങൾ,വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമനം, | ഇനം | എണ്ണം |
|---|---|---|
| 1 | സൈക്കിൾ പെൺകുട്ടികൾ,5-ാം ക്ലാസ് | 10 |
| 2 | സൈക്കിൾ ആൺകുട്ടികൾ,5-ാം ക്ലാസ് | 10 |
| 3 | സ്റ്റീൽ ടേബിൾ | 49 |
| 4 | ഫൈബർ കസേര | 49 |

രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.മേൽപ്പറഞ്ഞ സാധനങ്ങൾ,പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രമൊന്നും ലഭ്യമാക്കിയിട്ടില്ല.

2. ജി.ഒ,(എം.എസ്)362/13 തസ്വഭവ 16.11.13-സബ്സിഡി മാർഗ്ഗരേഖ പ്രകാരം,2013-14 അദ്ധ്യയന വർഷം മുതൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി,പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ്,സൈക്കിൾ വാങ്ങി നൽകാവുന്നത്.എന്നാൽ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി, 5-ാംക്ലാസ്സിലെ വിദ്യാർത്ഥികൾക്കു സൈക്കിൾ വാങ്ങി നൽകിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല.സൈക്കിളിന്റെ വില 79900 രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.രേഖകളുടെ അഭാവത്തിൽ,മറ്റ് ഉപകരണങ്ങളുടെ വിലയായ 195100 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/20.10.16)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 കാർഷിക പ്രവർത്തനങ്ങൾ--മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല.

ജി.ഒ(എം.എസ്)362/2013 തസ്വഭവ 16.11.13—പദ്ധതി മാർഗ്ഗരേഖ പ്രകാരം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം,കാർഷികമേഖലയുടെ സമഗ്രപരിപാടികൾക്ക് രൂപം നൽകേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്.നടീൽ,കൊയ്ത്ത്,വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇതേ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലും പറയുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ 2015-16 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം,പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി യഥാക്രമം 180000,രൂപ,40500 രൂപ എന്നിങ്ങനെഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഗുണഭോക്താക്കൾ നേരിട്ടു ചെലവഴിക്കുന്ന തുകയും വരുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകരുടെ ചെലവ് പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം

ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി

പഞ്ചായത്തിൽ 2007-08-ൽ ആശ്രയ പദ്ധതി തുടങ്ങി,56 ഗുണഭോക്താക്കളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തത്.പദ്ധതിക്കായി,4607490 (പഞ്ചായത്ത് വിഹിതം-3107490,ചലഞ്ച് ഫണ്ട്-1500000) ലഭിച്ചിരുന്നു.2010-11-ൽ പുനപ്പരിശോധനക്ക ശേഷമുള്ള പ്രൊജക്ടും നടപ്പിലാക്കുകയുണ്ടായി.എന്നാൽപ്രൊജക്ടിൽ വിഭാവനം ചെയ്ത പോലെ മുഴുവൻ കാര്യങ്ങൾക്കും തുക ചെലവഴിച്ചിട്ടില്ല.ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ മുഴുവൻ പൂർത്തീകരിച്ചതായും കാണുന്നില്ല.ലഭ്യമായ തുകയിൽ 1387782(പഞ്ചായത്ത് ഫണ്ട്-690127,ചലഞ്ച് ഫണ്ട്-697655) രൂപ അവശേഷിക്കുന്നുണ്ട്.പ്രൊജക്ടിന്റെ,ചെലവുവിവരം,താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | ഗുണം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| പ്രൊജക്ട പ്രകാരം വീട് ആവശ്യമുള്ളവർ | 52 | 39 |
| സ്ഥലം ആവശ്യമുള്ളവർ | 10 | 6 |
| കക്കൂസ് ആവശ്യമുള്ളവർ | 54 | 26 |
| കുടിവെള്ളം ആവശ്യമുള്ളവർ | 40 | 0 |

2015-2018 കാലയളവിലേക്കായി,549440 രൂപ അടങ്കലിൽ 9 കുടുംബങ്ങളെ ഉൾപ്പെടുത്തി,തുടർ സേവന പാക്കേജ് പ്രൊജക്ട് രൂപീകരിച്ചില്ലെങ്കിലും,അംഗീകാരം ലഭിക്കാത്തതിനാൽ,പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സ.ഉ.(സാധാ)നം.2146/16 തസ്വഭവ തീ.18/7/16 പ്രകാരം 1405040 രൂപ അടങ്കലിൽ 19 ഗുണഭോക്താക്കളെ ഉൾപ്പെടുന്ന രണ്ടാം ഘട്ടത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി ഓഡിറ്റ് തീയതി വരെ തുടങ്ങിയിട്ടില്ല.പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും,നിറവേറ്റപ്പെടാതിരിക്കുന്നതും,ലഭ്യമായ ഫണ്ട് വിനിയോഗിക്കാതെ നിഷ്ക്രിയമായി തുടരുന്നതും നിർവ്വഹണത്തിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-8 വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 23.04.2015 ലെ എഫ്.1-6158/15 നമ്പർ കത്ത് പ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്ക് എം.& എസ് ഇനത്തിൽ അനുവദിച്ച 6,000/- രൂപയിൽ ബിൽ നമ്പർ 2/15-16 തിയ്യതി. 15.12.2015 പ്രകാരം 2238/- രൂപ ബി ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-9 മരുന്ന് ലഭ്യമായില്ല.

പദ്ധതിയുടെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

പ്രൊജക്ട് നമ്പർ : SO 139/16.

ചെലവ് തുക : 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്).

ബിൽ നമ്പർ : 1/15-16 തിയ്യതി. 22.06.2016.

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 1,00,000/- രൂപ DD No. 949190/08.03.2016 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 ഭക്ഷണതുക അധികം നൽകി

പദ്ധതിയുടെ പേര് : ആരോഗ്യ പരിരക്ഷ പദ്ധതി, പാലിയേറ്റീവ് കെയർ.

പ്രൊജക്ട് നമ്പർ : SO 51/16.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി).

ചെലവ് തുക : 4,27,317/- രൂപ. (വികസനഫണ്ട്).

ബിൽ നമ്പർ : 1/15-16 തിയ്യതി. 22.07.2015 - 65775/- രൂപ.

2/15-16 തിയ്യതി. 22.08.2015 - 51626/- രൂപ.

3/15-16 തിയ്യതി. 13.11.2015 - 44122/- രൂപ.

6/15-16 തിയ്യതി. 20.01.2016 - 46135/- രൂപ.

7/15-16 തിയ്യതി. 22.02.2016 - 43697/- രൂപ.

10/15-16 തിയ്യതി. 21.03.2015 - 55787/- രൂപ.

സ.ഉ(സാധാ) നം.3217/2015/തസ്വഭവ തി. 29.10.2015 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക് ) ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് ഒരാൾക്ക് ഒരു ദിവസം പരമാവധി 60/- രൂപ എന്ന നിരക്കിൽ മാത്രമേ പ്രൊജക്ടിൽ വകയിരുത്തി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ പരമാവധി ആളുകളുടെ എണ്ണം 3 എന്നതും ഒരാൾക്ക് 60/- രൂപ എന്ന പരിധിയും പാലിക്കാതെ ഉത്തരവ് വന്നതിനു ശേഷവും ഭക്ഷണത്തിന് തുക അനുവദിച്ചതായി കാണുന്നു. മിക്ക ദിവസങ്ങളിലും മൂന്നിൽ കൂടുതൽ ആളുകൾ പങ്കെടുത്തതായും അവർക്കെല്ലാം ഭക്ഷണത്തിന് തുക അനുവദിച്ചതായും കാണുന്നു. ഒരാൾക്ക് ഒരു ദിവസത്തേക്ക് (60 രൂപ ഉച്ചഭക്ഷണത്തിനും 13 രൂപ ചായ, ലഘുഭക്ഷണം) 73 നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| കാലയളവ് | ഹോം കെയർ ദിനങ്ങൾ. | ക്രമ പ്രകാരം അനുവദിക്കാവുന്നത്. | അനുവദിച്ചത്. | അധികമായി അനുവദിച്ചത്. |
|---|---|---|---|---|
| 11/2015 | 9 | 1620 | 2336 | 716 |
| 12/2015 - 01/2016 | 19 | 3420 | 5767 | 2347 |
| 02/2016 - 03/2016 | 22 | 3960 | 7811 | 3851 |
| ആകെ | 50 | 9000 | 15914 | 6914 |

മേലിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പദ്ധതി പൂർത്തീകരിച്ചില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷത്തിൽ നടപ്പിലാക്കിയ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ആകെ വീടുകൾ | പണി പൂർത്തീകരിക്കാത്തത്. | റിമാർക്സ് |
|---|---|---|---|---|
| 1 | ജവഹർലാൽ നെഹ്റു ഭവനനിർമ്മാണം. | 14 | 6 | 4 എണ്ണം നാല് ഗഡുക്കൾ |

| ക്രമ നമ്പർ | പദ്ധതി | ആകെ വീടുകൾ | പണി പൂർത്തീകരിക്കാത്തത്. | റിമാർക്സ് |
|---|---|---|---|---|
| | (133/16)<br>ചെലവ് - 23,60,000/- | | | വാങ്ങി.<br>2 എണ്ണം ആദ്യ ഗഡു മാത്രം വാങ്ങി. |
| 2 | ഭവനനിർമ്മാണം (വനിത) (130/15-16)<br>ചെലവ് - 6,80,000/- | 9 | 2 | 2 എണ്ണം നാല് ഗഡു വാങ്ങി. |
| 3 | ഭവനനിർമ്മാണം (ജനറൽ) (129/15-16)<br>ചെലവ് - 1,80,000/- | 10 | 2 | ഒരെണ്ണം നാല് ഗഡുക്കൾ വാങ്ങി.<br>ഒരെണ്ണം ആദ്യ ഗഡു മാത്രം വാങ്ങി. |
| 4 | ഭവനനിർമ്മാണം (വനിത) (67/16)<br>ചെലവ് - 8,40,000/- | 6 | 6 | 3 ഗഡുക്കൾ വാങ്ങി |

ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 1 ൽ ആദ്യ ഗഡു മാത്രം കൈപ്പറ്റിയ ബേബി W/o. സുരേഷ്, ഗ്രേസി, W/o. ജയിംസ് ക്രനമ്പർ 3 ലെ മേരി W/o. തോമസ് എന്നിവർ പണി പൂർത്തീകരിക്കുന്നില്ലെങ്കിൽ നൽകിയ ആദ്യ ഗഡു 20,000/- രൂപ പലിശയടക്കം തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 എടിവണ്ണ അംഗൻവാടി കെട്ടിടനിർമ്മാണം- പൊളിച്ചുമാറ്റിയ വസ്തുക്കളുടെ വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്റ്റ്നം-121/16

അടങ്കൽ----613000

കരാറുകാരൻ-മുസ്തഫകമാൽ

വൌച്ചർനം-72/15-16

അളവ് പുസ്തകം-171/15-16

ഈ പ്രവൃത്തിയുടെ ഒന്നാം ഇനം മേൽക്കൂരയിലെ ഓട്, കഴുക്കോൽ എന്നിവ നീക്കം ചെയ്യലാണ്. ഇതു പ്രകാരം 86.85m2 വസ്തുക്കൾ പൊളിച്ചു നീക്കിയിട്ടുണ്ട്.

പ്രവൃത്തിയുടെ നാലാം ഇനം ജനലുകൾ, വാതിലുകൾ തുടങ്ങിയ ഇനങ്ങൾ പൊളിച്ചു നീക്കലാണ്. ഇതു പ്രകാരം 11 ഇനങ്ങൾ പൊളിച്ചു നീക്കിയിട്ടുണ്ട്. ഇവയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ വസ്തുക്കൾ മറ്റു പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്യേണ്ടതാണ്.

## 3-13 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പദ്ധതികൾ അപാകതകൾ.

ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2015-16വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃസമിതിയിൽ മൂന്നിലൊന്ന് വനിതകളായിരിയ്ക്കണം എന്ന നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല.

2.ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കുകയും എല്ലാ പണമിടപാടുകളും അക്കൗണ്ട് വഴി നടത്തുകയും വേണം എന്നുമാണ് നിബന്ധന. എന്നാൽ അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങളോ, പാസ്സ് ബുക്കോ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3.ഒരാഴ്ചയിൽ ഒന്ന് എന്ന രീതിയിൽ മസ്റ്റർ റോൾ സൂക്ഷിട്ടിച്ചില്ല. സൂക്ഷിച്ചിട്ടുള്ള മസ്റ്റർ റോളുകളിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4.നിർമ്മാണ സാധനങ്ങൾ വാങ്ങുന്നതിന് താരതമ്യ പഠനം നടത്തുകയോ ക്വട്ടേഷൻ നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്തിട്ടില്ല.

5.നിശ്ചിത മാതൃകയിലുള്ള വരവുചെലവു കണക്കു പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

6.പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ ഗുണഭോക്തൃസമിതി ആഴ്ച്ചയിലൊരിയ്ക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിയ്ക്കുകയും പ്രസ്തുത വിവരങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയുചെയ്യേണ്ടതാണ്. എന്നാൽ ഈ നിബന്ധനയും പാലിച്ചിട്ടില്ല.

7.കൺവീനറുടെ ദൈനംദിന ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണച്ചുമതലയുള്ള എഞ്ചിനിയർ, പണി പരിശോധിയ്ക്കുന്ന വിദഗ്ധസമിതി അംഗങ്ങൾ, മോണിറ്ററിംഗ് സമിതി അംഗങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ദൈനം ദിന ഡയറിയിൽ എഴുതി സൂക്ഷിയ്ക്കേണ്ടതാണ്. ദൈനംദിന ഡയറി എഴുതി സൂക്ഷിയ്ക്കാത്തതിനാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളുംരേഖപ്പെടുത്തിയിട്ടില്ല.

8.പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുന്നതിനു മുമ്പായി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് എന്ന നിബന്ധന പൂർണ്ണമായി പാലിച്ചിട്ടില്ല.

9.പ്രവൃത്തി പൂർത്തിയായി ഫൈനൽ ബിൽ ലഭിച്ച ശേഷം ഗുണഭോക്താക്കളുടെ പൊതുയോഗം വിളിച്ചു ചേർത്ത് വരവുചെലവുകണക്കുകൾ കൺവീനർ അവതരിപ്പിയ്ക്കുകയും അതിനു ശേഷം പ്രവൃത്തി നിർവ്വഹണകമ്മിറ്റി പിരിച്ചു വിടുകയും സംയുക്ത ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്യേണ്ടതുമാണ്.

അക്കൗണ്ടിൽ ബാക്കിയുള്ള സംഖ്യ പിൻവലിച്ച്ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ പാസ്സ്ബുക്ക് ഹാജരാക്കാത്തതിനാൽ ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 3-14 ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ സ്ഥാപനത്തിന്റെ താല്പര്യം

ചാലിയാർ ഗ്രാമപഞ്ചായത്തിൽ നികുതിയിനങ്ങളിൽ വസ്തു നികുതി,തൊഴിൽ നികുതി എന്നീ നികുതികളുംമറ്റുള്ളവയിൽ ഡി ആന്റ്ഒ ലൈസൻസ്,പെർമിറ്റ് ഫീ എന്നിവയും മാത്രമെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

സർക്കാർ പിരിച്ചെടുക്കുന്നതിന് അനുമതി നൽകിയ പരസ്യ നികുതി,സേവനനികുതി,വിനോദനികുതി എന്നിവ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ ക ണ്ടെത്തി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത

ബഡ്ജറ്റ് -ൽ വകയിരുത്തിയതിനെക്കാൾവസ്തുനികുതി,തൊഴിൽനികുതി,പെർമിറ്റ് ഫീ എന്നിവയുടെ യഥാർത്ഥ ഡിമാന്റ് കൂടുതലാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ഗൌരവപൂർണ്ണമായ സമീപനം പുലർത്തേണ്ടതാണ്.

## 3-16 പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം,നിർവ്വഹണം എന്നിവയിലെ കാര്യക്ഷമത

ചാലിയാർ ഗ്രാമപഞ്ചായത്തിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ ഒരു അസി.എഞ്ചിനിയർ,രണ്ട് ഓവർസിയർ എന്നീ തസ്തികകൾ ആണ് നിലവിലുള്ളത്.എല്ലാ തസ്തികകളിലും ആളുണ്ട്. ക്ലെറിക്കൽ ജോലികൾ പഞ്ചായത്ത് സ്റ്റാഫ് ആണ് നിർവ്വഹിക്കുന്നത്. താരതമ്യേന പ്രോജക്റ്റുകളുടെ എണ്ണം കുറവായതിനാൽ (88) 81% പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്.

## 3-17 റോഡ് കോൺക്രീറ്റ് പ്രവൃത്തി ക്വാറി മക്ക് ഫില്ലിംഗിനുമുമ്പായി മൺപണി ചെയ്തതു വഴി പാഴ്ച്ചെലവ്

താഴെപ്പറയുന്ന നിലവിലുള്ള റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തിയോടനുബന്ധിച്ച് മൺപണി ,ക്വാറിമക്ക് ഫില്ലിംഗ് എന്നിവ നടത്തിയിട്ടുണ്ട്. നിലവിലുള്ള റോഡുകളായതു കൊണ്ടും ക്വാറി മക്ക് ഫില്ലിംഗ് നടത്തുന്നതുകൊണ്ടും റോഡ് നിരപ്പാക്കുന്നതിന് പ്രത്യേകം മൺപണി ചെയ്യേണ്ട ആവശ്യമില്ല. ഇപ്രകാരം പ്രവൃത്തി ചെയ്തതു വഴി അധിക ച്ചെലവ് ഉണ്ടായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | മൺപണി | ക്വാറിമക്ക് ഫില്ലിംഗ് |
|---|---|---|
| അമ്പാളികോളനി നടപ്പാത കോൺക്രീറ്റിംഗ് 22/16 | 20.91m3@176.51/m3 3690.82 | 10.45m3@1097/m3 11463.65 |
| വെണ്ടേക്കുംപൊയിൽ മേലെ മങ്ങാട് റോഡ് 21/16 | 21.06m3@176.51/m3 3717.30 | 10.53m3@1097/m3 11551.41 |
| കൊരങ്ങോട് അംഗൻവാടി പി എച്ച്സി റോഡ്47/16 | 40.13m3@203/m3 8146.39 | 42.30@1261/m3 53363.56 |
| നമ്പൂരിപ്പൊട്ടി ജലനിധി ടാങ്ക് റോഡ് പൂർത്തീകരണം85/16 | 15.60m3@176/m3 2753.55 | 7.80m3@1097/m3 8556.60 |
| പള്ളിപ്പടി ശ്മശാനം റോഡ്30/16 | 7.56m3@176.51/m3 1334.42 | 5.54m3@1097/m3 6077.38 |
| തോട്ടപ്പള്ളിമേലേതോട്ടപ്പള്ളി റോഡ് 166/16 | 31.35m3@176.51/m3 5533.59 | 31.35m3@1097/m3 34390.95 |
| മൂലേപ്പാടം തറമുറ്റം റോഡ് 23/16 | 61.35m3@176.51/m3 9674.51 | 26.17m3@1097/m3 28708.49 |
| നമ്പൂരിപ്പൊട്ടിഅങ്ങാടിക്കുന്ന് ടോപ്പ് ഫുട്പാത്ത് 28/16 | 7.38m3@176/m3 1302.64 | 3.69m3@1097/m3 4047.93 |
| വാട്ടർടാങ്ക് വാസുദേവൻപടി റോഡ്42/16 | 26.22m3@176/m3 4628.09 | 22.10m3@1097/m3 24243.70 |

| പ്രവൃത്തി | മൺപണി | ക്വാറിമക്ക് ഫില്ലിംഗ് |
|---|---|---|
| കളക്കുന്ന് കുറ്റിക്കാട് വായനശാല റോഡ് കോൺക്രീറ്റിംഗ് 158/16 | 30.38m3@176.51/m3 5362.37 | 14.58m3@1097/m3 15994.26 |
| തണ്ണീരഞ്ചാൽ അംഗൻവാടി റോഡ് 167/16 | 40.32m3@175/m3 7080.59 | 30.24m3@1097/m3 33173.28 |
| മെഹബൂബ്പടികോൺക്രീറ്റിംഗ്43/16 | 17.50m3@176/m3 3088.93 | 10.50m3@1097/m3 11518.50 |

## 3-18 റോഡ് കോൺക്രീറ്റ് പ്രവൃത്തികളിലെ അപാകതകൾ

2015-16 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ, കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം,ക്വാറിമക്ക് (GSB) നിരത്തിയതിനു മുകളിൽ സോളിംഗ് 7.5 സെ.മീ,മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറും ചേർത്ത് ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, ഇതിലേറെ ഉറപ്പുള്ള കോൺക്രീറ്റ് റോഡ് 1:4:8

അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm മുതൽ 15 cm വരെ കനത്തിലും, 1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും ചെയ്തതായി കാണുന്നു.1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 5cm കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും,കട്ടിയും ലഭിക്കുന്നതാണ്.തികച്ചും ഗ്രാമീണറോഡുകൾ/നടപ്പാതകൾ ആയതിനാൽ ഭാരമേറിയവാഹനങ്ങൾ കടന്നു പോകാൻ സാധ്യത കുറവായതിനാൽ, മേൽപ്പറഞ്ഞ പ്രകാരം ,കോൺക്രീറ്റ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ,തസ്വഭവ,ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ/തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4.8cc 10സെ.മീ.കനത്തിലും.1:2:4cc 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹനഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4:8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും,1:2.4cc ,5സെ.മീ.മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഇതിൽ നിന്നും വിരുദ്ധമായി ചെയ്ത ചില പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | 1:4:8 ccഅളവ്,തുക | 1:2:4ccഅളവ്,തുക |
|---|---|---|
| മെഹബൂബ് പടി റോഡ് കോൺക്രീറ്റിംഗ്<br>തണ്ണീരംചാൽ അംഗൻവാടി<br>റോഡ് ഇംപ്രൂവ്മെന്റ് | 7m3,10cm@4880/m34160<br>24.19m3 ,12cm@4880/m3<br>118049 | 7m3,10cm@6534/m3<br>45741<br>20.16m3 , 10cm@6202/m3<br>125034 |
| കളക്കുന്ന്കുറ്റിക്കാട് വായനശാല<br>റോഡ് കോൺക്രീറ്റിംഗ് | 18.22m3,15cm@<br>4880/m3,88915 | 12.15m3,10cm@6534/m3<br>79393 |

| പ്രവൃത്തി | 1:4:8 ccഅളവ്,തുക | 1:2:4ccഅളവ്,തുക |
|---|---|---|
| നമ്പൂരിപ്പൊട്ടി അംഗൻവാടിക്കുന്ന്ടോപ്പ് ഫൂട്പാത്ത് | 3.69m3,10cm@4880/m3,18007 | 3.69m3,10cm@6534/m3 24112 |
| മൂലേപ്പാടം തറമുറ്റം റോഡ് | 17.45m3,10cm@4880/m3,85157 | 17.45m3,10cm@6534/m3 114025 |
| തോട്ടപ്പള്ളി മേലേതോട്ടപ്പള്ളി റോഡ് | 31.35m3,10cm@4880/m3,152990 | 31.35m3,10cm@6534/m3 204854 |
| പള്ളിപ്പടി ശ്മശാനംറോഡ് | 3.68m3,10cm@4880/m3,17958 | 3.68m3,10cm@6202/m3 22823 |
| കോരങ്ങോട് അംഗൻവാടി പി.എച്ച്.സി റോഡ് | 42.30m3,10cm@5612/m3,237391 | 28.20m3,10cm@7132 201133 |

ഇത്തരം അധിക ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി വ്യത്യസ്തനിരക്കുകൾ അനുവദിച്ചത് വഴി നഷ്ടം

ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2015-16- വർഷത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക്DSR2014 with cost index 1.3048പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് ചില റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:2:4cc(20mm മെറ്റൽ)ഇനത്തിന് കോഡ്നം11.7 പ്രകാരവും മറ്റു ചില പ്രവൃത്തികളിൽ ഈ ഇനത്തിന് കോഡ്നം4.1.3 പ്രകാരവുമാണ് നിരക്ക്കണക്കാക്കിയിട്ടുള്ളത്.1:2:4cc(20mm) ഇനത്തിന് കോഡ്നം4.1.3 പ്രകാരമുള്ള നിരക്ക് മതിയെന്നിരിക്കെ ചിലപ്രവൃത്തികൾക്ക് കോഡ്നം 11.7 പ്രകാരവുള്ള ഉയർന്ന നിരക്ക് അനുവദിച്ചത് വഴി ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കുകൾ നൽകിയതിന്റെ സാഹചര്യം അറിയിക്കേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | 1:2:4cc(20mm) അളവ | കോഡ് നം11.7 പ്രകാരം നൽകിയ തുക | കോഡ് നം4.1.3പ്രകാരം നൽകാവുന്നത് | അധികം നൽകിയതുക |
|---|---|---|---|---|
| വാട്ടർ ടാങ്ക് വാസുദേവൻ പടി റോഡ് വൌ.നം.36/15-16 | 14.023m3 | @6534.44/m3 91678.19 | @6202.09/m3 86971.9 | 4706.9 |
| നമ്പൂരിപ്പൊട്ടി ജലനിധി ടാങ്ക് റോഡ് വൌ.നം25/15-16 | 7.8m3 | @6534/m3 50968.63 | @6202.09/m3 48376.3 | 2592.33 |
| വെണ്ണേക്കും പൊയിൽ മേലേമങ്ങാട് റോഡ് വൌ.നം 56/15-16 | 7.02m3 | @6534.44/m3 45871.77 | @6202.09/m3 43538.67 | 2333 |
| അമ്പാളികോളനി നടപ്പാത 30/15-16 | 6.96m3 | @6534.44/m3 45479.70 | @6202.09/m3 43166.5 | 2313.2 |
| തോട്ടപ്പള്ളി മേലേ തോട്ടപ്പള്ളി റോഡ് | 31.35m3 | @6534.44/m3 204854.69 | @6202.09/m3 194435.52 | 10419.17 |

| പ്രവൃത്തിയുടെ വിവരം | 1:2:4cc(20mm) അളവ | കോഡ് നം11.7 പ്രകാരം നൽകിയ തുക | കോഡ് നം4.1.3പ്രകാരം നൽകാവുന്നത് | അധികം നൽകിയതുക |
|---|---|---|---|---|
| വൌ.നം74/15-16 | | | | |
| മൂലേപ്പാടംതറമുറ്റംറോഡ് വൌ.നം73/15-16 | 17.45m3 | @6534.44/m3 114025.98 | @6202.09/m3 108226.47 | 5799.51 |
| നമ്പൂരിപ്പൊട്ടി അംഗൻവാടി കുന്ന് റോഡ് വൌനം68/15-16 | 3.69m3 | @6534.44/m3 24112.08 | @6202.09/m3 22885.71 | 1226.37 |
| കളത്ത് കുറ്റിക്കാട് വായനശാലറോഡ് 69/15-16 | 12.15m3 | @6534.44/m3 79393.44 | @6202.09/m3 75355.39 | 4038.05 |
| മെഹബൂബ് പടി റോഡ് കോൺക്രീറ്റ് വൌ.നം33/15-16 | 7m3 | @6534.44/m3 45741.08 | @6202.09/m3 43414.63 | 2326.45 |
| നമ്പൂരിപ്പൊട്ടി മമ്മൂട്ടിപ്പടി റോഡ് വൌനം.29/15-16 | 23.07m3 | @6534.44/m3 150749.53 | @6202.09/m3 143082.21 | 7667.32 |
| ചെട്ടിയമ്പാറ ഫൂട്പാത്ത് വൌനം.54/15-16 | 5.70m3 | @6534.44/m3 37246.31 | @6202.09/m3 35351.91 | 1894.4 |
| | | | ആകെ | 45316.7 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 75000 | ശാരീരിക - മാനസിക വെല്ലുവിളിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | ശാരീരിക - മാനസിക വെല്ലുവിളിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 75000 | 0 |

4-2. നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പെരുമ്പത്തൂർ മില്ലുംകുന്ന് കുടിവെള്ള പദ്ധതി. | 522146 & 522147 തി. 11/04/2015 | 179748 (90000 + 89748) | 179748 | പൂർത്തീകരിച്ചു. | 0 |
| കെ.എസ്.ഇ.ബി | വാളന്തോട് ലൈൻ എക്സ്റ്റൻഷൻ കെ.എസ്.ഇ.ബി ക്ക് തുക അടവാക്കൽ | 21500757 തി. 30.01.2016 | 99860 | 99860 | പൂർത്തീകരിച്ചു. | 0 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | പുത്തൻചോല ഭവന സുരക്ഷാപദ്ധതി | മോഹനൻ | 19/15-16 | 100000 | 0 | 100000 | -- |
| 2 | കല്ലുണ്ട ഭവന സുരക്ഷാ പദ്ധതി. | വെള്ളൻ | 18/15-16 | 100000 | 0 | 100000 | -- |

4-4 .(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വായ്പ | | തുക | | വിവരം. |
| ഇല്ല. | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാ) നം. 1160/2010 /തസ്വഭവ. തിയ്യതി: 30.03.2010 | 7850000 | 3500000 | 784420 | 239917 | 2715580 |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 5959/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08 | 2011-12 അനുബന്ധം 9 | മരാമത്ത് വർക്കുകളുടെ അവലോകനം. | -- |

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിന്റെ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി പെരുവമ്പാടം | 08.03.2016 | ഇല്ല. | ഇല്ല. | | | ഇല്ല | |
| 2 | ജി.എ.ഡി പെരുവമ്പാടം | 09.02.2011 | 2011-12<br>2012-13<br>2013-14<br>2014-15 | | 13.11.2015 | കെ.എസ്.എ. എം.പി.എം.12 /3074/2015തി. 22.1.2016 | ഇല്ല | |
| 3 | ജി.എ.എച്ച് അകമ്പാടം | 24.01.2012 | 2012-13<br>2013-14<br>2014-15 | 05.08.2016 | | | ഇല്ല | |

4-9<u>ഓഡിറ്റ് പ്രത്യവലോകനം</u>

എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44575685 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59354742 |
| വരവിനങ്ങളിലുള്ള നഷ്ടം | 2554 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 159490 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 645238 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ യഥാക്രമം ബി- യിലേയും സി- യിലേയും തുകയാണ്. )

<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 2236 | ശ്രീ.യു.പ്രേമരാജൻ, സെക്രട്ടറി |
| 2-3 | 318 | ശ്രീ.യു.പ്രേമരാജൻ, സെക്രട്ടറി |

<u>ചെലവിനത്തിലുള്ള നഷ്ടം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 79590 | ശ്രീമതി.ഷേർളി.പി, ഹെഡ്മാസ്റ്റർ |
| 3-5 | 79900 | ശ്രീമതി. ഷേർളി.പി, ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,78,000 | ശ്രീമതി.ഷാഹിന, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | 1,70,000 | ശ്രീമതി.ഷേർളി.പി, ഹെഡ്മിസ്ട്രസ് |
| 3-5 | 1,95,000 | ശ്രീമതി. ഷേർളി.പി, ഹെഡ്മിസ്ട്രസ് |
| 3-8 | 2,238 | ഡോ.കബീർ.എ.എം, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.യു.പ്രേമരാജൻ, സെക്രട്ടറി | സെക്രട്ടറി, ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | ഊരാളകത്ത് ഹൗസ്, കാർലിക്കോട്, കരുളായി |
| ശ്രീമതി. ഷേർളി.പി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് എടിവണ്ണ | മുണ്ടപ്പാടം ഹൗസ്, എടിവണ്ണ.പി.ഒ |

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ .

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽ.എഫ്.എം.5/887/2010 തി.31.05.2010 | 2 |
| 1984-85 | എൽ.എഫ്.എം.8/2260/1995 തി.31.10.1995 | 9 |
| 1985-86 | എൽ.എഫ്.എം.8/2261/1995 തി.31.10.1995 | 9 |
| 1986-87<br>1987-88 | എൽ.എഫ്.എം.8/2262/1995 തി.31.10.1995 | 5 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89<br>1989-90<br>1990-91 | എൽ.എഫ്.എം.8/950/1994<br>തി.07.01.1995 | 15 |
| 1991-92 | എൽ.എഫ്.എം.8/1189/1994<br>തി.12.12.1994 | 27 |
| 1992-93<br>1993-94 | എൽ.എഫ്.എം.8/53/1996<br>തി.07.03.1996 | 17 |
| 1994-95<br>1995-96 | എൽ.എഫ്.എം.13/744/1999<br>തി.11.02.2000 | 17 |
| 1996-97<br>(ജെ.ആർ.വൈ) | എൽ.എഫ്.എം.13/1239/1999<br>തി.09.11.1999 | 2 |
| 1996-97 | എൽ.എഫ്.എം.13/1227/1999<br>തി.09.02.2000 | 17 |
| 1997-98<br>(സ്പെ.റിപ്പോർട്ട്) | എൽ.എഫ്.എം.13/1316/1999 (1)<br>തി.05.02.2003 | 113 |
| 1998-99 | എൽ.എഫ്.എം.5/2137/09<br>തി.18.08.2010 | 6 |
| 1999-00 | എൽ.എഫ്.എം.5/2137/09<br>തി.18.08.2010 | 13 |
| 2000-01 | എൽ.എഫ്.എം.5/612/08<br>തി.18.08.2010 | 23 |
| 2001-02 | എൽ.എഫ്.എം.5/2137/09<br>തി.18.08.2010 | 3 |
| 2002-03 | എൽ.എഫ്.എം.5/2137/09<br>തി.18.08.2010 | 8 |
| 2003-04 | എൽ.എഫ്.എം.5/2137/09<br>തി.18.08.2010 | 17 |
| 2004-05 | എൽ.എഫ്.എം.5/1132/2010<br>തി.29.07.2011 | 12 |
| 2005-06 | എൽ.എഫ്.എം.5/1132(എ)/2010<br>തി.04.08.2011 | 17 |
| 2006-07 | എൽ.എഫ്.എം.5/166<br>/2011തി.28.05.2012 | 15 |
| 2007-08 | എൽ.എഫ്.എം.5/61<br>/2012തി.04.02.2012 | 25 |
| 2008-09 | എൽ.എഫ്.എം.5/62/2012<br>തി.27.07.2012 | 25 |
| 2009-10<br>2010-11 | എൽ.എഫ്.എം.5/386/2013<br>തി:27.03.2012 | 27 |
| 2011-12<br>2012-13 | എൽ.എഫ്.എം.5/1601/2014<br>തി:18.10.2014 | 24 |
| 2013-14<br>2014-15 | എൽ.എഫ്.എം.5/1628/2016<br>തി:14.07.2016 | 23 |

ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM5/3083/2016

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.10-11-2016

### CERTIFICATE

Certified that I have examined the Annual Financial Statement of Chaliyar Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Chaliyar Grama Panchayat for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.

2. The Secretary, Moothedam Grama Panchayat

3. The Deputy Director of Panchayat, Malappuram

4. Office Copy.

5. Spare.

നം.കെ.എസ്.എ.എം.പി.എ5/3083/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :10-11-2016

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, ചാലിയാർ ഗ്രാമപഞ്ചായത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

4. കാര്യാലയ പ്രതി.

എം.എ.